"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- സർക്കാർ നഴ്സിംങ് കോളേജ് ഇടുക്കി - ലക്ചർ ഹാളിന്റെ റൂഫ്, സീലിംഗ് എന്നിവ ചെയ്യുന്നതിന് കാസർഗോഡ് മെഡിക്കൽ കോളേജിന്റെ ബജറ്റ് ശീർഷകത്തിൽ നിന്നും ധന പുന:വിനിയോഗം വഴി അനുവദിച്ച് നൽകിയ തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി- ഉത്തരവാകുന്നു.

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.3915/2025/H&FWD    തീയതി,തിരുവനന്തപുരം, 17-12-2025

പരാമർശം:-

1. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 24.10.2025 തീയതിയിലെ പിബി4/4562/2025/മെ.വി.വ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നമ്പർ 9362/2025/ധന തീയതി 19.11.2025

**ഉത്തരവ്**

ഇടുക്കി സർക്കാർ നഴ്സിംഗ് കോളേജിന് സ്വന്തമായി കെട്ടിടം നിലവിലില്ലായെന്നും ക്ലാസുകൾ ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലാണ് ക്രമീകരിച്ചിരിക്കുന്നതെന്നും, ക്ലാസ്സുകൾക്കായി അനുവദിച്ചിട്ടുള്ള ലക്ചർ ഹാളിന്റെ റൂഫ്, സിലിംഗ് എന്നിവ മെയിന്റനൻസ് ചെയ്യുന്നതിനായി ₹50,000/- രൂപയുടെ എസ്റ്റിമേറ്റ് ഇടുക്കി പ്രിൻസിപ്പൽ സമർപ്പിച്ചതായും നിലവിൽ ഇടുക്കി സർക്കാർ നഴ്സിംഗ് കോളേജിനു ചെറുകിട മരാമത്ത് പണികൾക്കായി ശീർഷകമോ തുകയോ ഇല്ലാത്തതിനാൽ കോളേജിന് ആവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനോ, വേണ്ടത്ര മറ്റു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനോ കഴിഞ്ഞിട്ടില്ലായെന്നും, 2023 നവംബർ 1-ന് പ്രവർത്തനം ആരംഭിച്ച നഴ്സിംഗ് കോളേജിൽ രണ്ടു ബാച്ചുകളിലായി 120 വിദ്യാർത്ഥികൾ പഠിക്കുകയും 3-ാമത്തെ ബാച്ചിന്റെ അഡ്മിഷൻ നടന്നു വരുന്നുവെന്നും, വളരെ പരിമിതമായ അടിസ്ഥാന സൗകര്യങ്ങളോടെയാണ് കോളേജ് നിലവിൽ പ്രവർത്തിക്കുന്നതെന്നും പരാമർശം (1) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി.

2. നടപ്പ് സാമ്പത്തിക വർഷം കാസർഗോഡ് മെഡിക്കൽ കോളേജിന് ചെറുകിട മരാമത്ത് പണികൾക്കായി '2210-05-105-88-17 MW(PV)' ശീർഷകത്തിൽ ₹417 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായും നിലവിൽ കാസർഗോഡ് മെഡിക്കൽ കോളേജിൽ നിന്നും ചെറുകിട മരാമത്ത് പണികൾക്കായി പ്രൊപ്പോസൽ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ലത്ത സാഹചര്യത്തിൽ ഇടുക്കി സർക്കാർ നഴ്സിംഗ് കോളേജിൽ ലക്ചർ ഹാൾ റൂഫ്, സിലിംഗ് ചെയ്യുന്നതിന് ആവശ്യമായ ₹50,000/-

രൂപ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ 2210-05-105-88-17 എന്ന ഹെഡിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള ₹417 ലക്ഷം രൂപയിൽ നിന്നും ഇടുക്കി നിഴ്സിംഗ് കോളേജിനുവേണ്ടി 2210-05-105-08-02)-17 MW എന്ന ശീർഷകം പുതുതായി സൃഷ്ടിച്ച് ധന പുനർവിനിയോഗം മുഖേന ഭരണാനുമതി ലഭ്യമാക്കണമെന്നും പ്രസ്തുത ₹50,000/- രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുമുള്ള അനുമതിയും നൽകണമെന്ന് പരാമർശ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. പരാമർശ ഉത്തരവ് പ്രകാരം ഇടുക്കി നഴ്സിംഗ് കോളേജിലെ ലെക്ചർ ഹാൾ റൂഫ്, സീലിംഗ് ചെയ്യുന്നതിലേക്കാവശ്യമായ ₹50,000/– (അൻപതിനായിരം രൂപ മാത്രം) രൂപ 2210-05-105-08-02-17-MW-PV ശീർഷകത്തിലേയ്ക്ക് അനുവദിച്ച നൽകി ഉത്തരവായിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി മെഡിക്കൽ കോളേജിൽ നിന്നും ഇടുക്കി സർക്കാർ നഴ്സിംഗ് കോളേജിനായി നൽകിയിട്ടുള്ള ലെക്ചർ ഹാളിന്റെ റൂഫ്, സീലിംഗ് മെയിന്റനൻസ് എന്ന പ്രവർത്തിയ്ക്കായി പരാമർശം (2) പ്രകാരം ധന പുനർവിനിയോഗം വഴി അനുവദിച്ച **₹50,000/-(അൻപതിനായിരം രൂപ മാത്രം)** രൂപ **'2210-05-105-08-02-17-MW-PV'** എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിച്ച് ചെയ്യുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

5. പ്രസ്തുത തുക നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള അനുമതിയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, ഗവ. മെഡിക്കൽ കോളേജ്, ഇടുക്കി

പ്രിൻസിപ്പൽ, ഗവ. നഴ്സിംങ് കോളേജ്, ഇടുക്കി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത്-എ) വകുപ്പിന് (3324301/എച്ച്.എൽ.റ്റി-എ2/220/2025/ധന തീയതി 24.11.2025

ഡയറക്ടർ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പിന്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-P2/222/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 17-12-2025 13:52:05

സെക്ഷൻ ഓഫീസർ